# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## നായ്ക്കളെ നിശ്ചലരാക്കിയ അത്ഭുതം



ഇരുപത് വർഷങ്ങൾക്കു മുൻപാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ അമേരിക്കൻ സന്ദർശനത്തിന്റെ അവസാന ദിവസം ബാൾട്ടിമോറായിരുന്നു അവസാന സന്ദർശന സ്ഥലം. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് പത്തു മണിക്കൂർ ദൈർഘ്യമുള്ള സന്ദർശനത്തിനാണ് അദ്ദേഹം ബാൾട്ടിമോറിലെത്തിയത്. ഓരോരോ സ്ഥലങ്ങൾ സന്ദർശിച്ച് ഒടുവിലദ്ദേഹം അമേരിക്കയിലെ ആദ്യത്തെ കത്തോലിക്കാ സെമിനാരിയായ ബാൾട്ടിമോറിലെ സെന്റ് മേരീസ് സെമിനാരിയിലെത്തി. മുന്നൂറോളം സെമിനാരി വിദ്യാർത്ഥികൾ മാർപാപ്പയെ വരവേൽക്കാൻ നിരന്നു നിന്നിരുന്നു.

വൻ സുരക്ഷാ ക്രമീകരണങ്ങളാണ് ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വരവിനോടനുബന്ധിച്ച് സെമിനാരിയിലും പരിസരപ്രദേശങ്ങളിലും ഒരുക്കിയിരുന്നത്. കാത്തിരിപ്പിനു വിരാമമിട്ടു കൊണ്ട് അദ്ദേഹം പാപ്പാ മൊബൈലിൻ നിന്നിറങ്ങി. ആകാംക്ഷയും സന്തോഷവും സമം ചേർന്ന് പുഞ്ചിരിക്കുന്ന മുഖത്തോടെ സെമിനാരി വിദ്യാർത്ഥികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തു. മാർപാപ്പ എല്ലാവർക്കും ഹസ്തദാനം ചെയ്തു.

അതിനുശേഷം എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് മാർപാപ്പ പോയത് സെന്റ് മേരീസ് സെമിനാരിയുടെ ചാപ്പലിലേക്കായിരുന്നു. അമ്പരപ്പിന് ഒരു കാരണമുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള പരിപാടികളിൽ പെടാത്തതായിരുന്നു ഈ ചാപ്പൽ സന്ദർശനം. ആശങ്കയോടെ സുരക്ഷാ സൈന്യം പാപ്പയ്ക്ക് മുൻപേ ഓടി. എല്ലാം സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തണമല്ലോ.

രഹസ്യാന്വേഷകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പുറമേ ഒളിച്ചിരിക്കുന്നവരെ മണത്തു കണ്ടുപിടിക്കുന്നതിലും ഒളിപ്പിച്ചുവെച്ചിരിക്കുന്ന ആയുധങ്ങൾ കണ്ടെത്തുന്നതിലും വൈദക്ദ്ധ്യം സിദ്ധിച്ച 'കെ9' നായ്ക്കളും പാപ്പയുടെ സുരക്ഷ ഉറപ്പു വരുത്താൻ ചാപ്പലിനുള്ളിൽ പ്രവേശിച്ചു. സുരക്ഷാ ഉദ്യോഗസ്ഥരും കെ9 നായ്ക്കളും ചാപ്പലിന്റെ മുക്കും മൂലയും അരിച്ചുപെറുക്കി പരിശോധിക്കുകയാണ്. അസാധാരണമായതൊന്നും കണ്ടെത്തിയില്ല. എന്നാൽ കെ9 നായ്ക്കൾ മാത്രം മുരണ്ടു തുടങ്ങി. കാര്യമെന്താണെന്നറിയാൻ അവയെ നിയന്ത്രിക്കുന്ന ഹാൻഡ്‌ലേഴ്സ്

അടുത്തേക്കു ചെന്നു. നായ്ക്കൾ സക്രാരിയിൽ നോക്കി നിശ്ചലരായി നിൽക്കുകയാണ്. വൈദികൻ സക്രാരി തുറന്നപ്പോൾ അതിനുള്ളിൽ കസ്തോദിയും ദിവ്യകാരുണ്യവും മാത്രമേ കണ്ടെത്തിയുള്ളൂ. ഹാൻഡ്‌ലേഴ്സ് തിരിഞ്ഞുനടന്നു. പക്ഷേ അപ്പോഴും നായ്ക്കൾ സക്രാരിയിലേക്കു നോക്കിക്കൊണ്ട് നിശ്ചലരായിത്തന്നെ നിൽക്കുകയാണ്. ഒടുവിൽ ഏറെ നേരത്തെ പരിശ്രമത്തിനുശേഷമാണ് അവയെ ചാപ്പലിൽ നിന്നും പുറത്തു കൊണ്ടുവരാനായത്.

ദിവ്യകാരുണ്യം ശക്തിയാണ്. അത്ഭുതമാണ്. ഇത്തിരിപ്പോന്ന അപ്പത്തിനുള്ളിൽ മറഞ്ഞിരിക്കുന്നത് ലോകത്തിനു മുഴുവൻ ജീവൻ നൽകാനുതകുന്ന മഹാത്ഭുതമാണെന്ന് ആ നായ്ക്കളും തിരിച്ചറിഞ്ഞിട്ടുണ്ടാകാം. മനുഷ്യബുദ്ധിക്കതീതമായ എന്തോ ഒന്ന് അവയെ നയിച്ചിട്ടുണ്ടാകാം. അതിനാൽ തന്നെയാകും നിത്യജീവൻ നൽകുന്ന ആ വിശിഷ്ട അപ്പത്തിനു മുന്നിൽ അവ നിശ്ചലരായതും. ആ നിശബ്ദത തന്നെയാകാം ദിവ്യകാരുണ്യത്തോടുള്ള അവയുടെ പ്രാർത്ഥനയും.